STATE POLICE MEDIA CENTRE
KERALA POLICE
Police Headquarters
Vazhuthacaud
Thiruvananthapuram - 695010
0471 2318188
info.pol@kerala.gov.in
statepolicemediacentre

No.404/PR/SPMC/PHQ/2026 Date: 09.09.2026

# പത്രക്കുറിപ്പ്

## ഓപ്പറേഷൻ സൈഹണ്ട്: 25 പേർ അറസ്റ്റിൽ

## 329 കേസുകൾ രജിസ്റ്റർ ചെയ്തു

സൈബർ സാമ്പത്തിക കുറ്റകൃത്യങ്ങൾ തടയുന്നതിന്റെ ഭാഗമായി സംസ്ഥാനവ്യാപകമായി നടത്തിയ സ്പെഷ്യൽ ഡ്രൈവിൽ 25 പേരെ അറസ്റ്റ് ചെയ്യുകയും 329 കേസുകൾ രജിസ്റ്റർ ചെയ്യുകയും ചെയ്തു.

ഓപ്പറേഷൻ സൈഹണ്ട് 4.0 എന്ന പേരിൽ നടത്തിയ സ്പെഷ്യൽ ഡ്രൈവിൽ 919 റെയ്ഡുകൾ നടത്തുകയും 265 പേർക്ക് നോട്ടീസ് നൽകുകയും 165 ഓളം ഉപകരണങ്ങൾ പിടിച്ചെടുത്തു.

ഡിജിറ്റൽ പ്ലാറ്റ്ഫോമുകളും ബാങ്കിംഗ് സംവിധാനങ്ങളും ദുരുപയോഗം ചെയ്ത് രാജ്യത്തുടനീളം നടക്കുന്ന സൈബർ തട്ടിപ്പുകൾക്ക് പിന്തുണ നൽകുന്ന ശൃംഖലകളെ കണ്ടെത്തുകയും തടയുകയും ചെയ്യുക എന്ന ലക്ഷ്യത്തോടെയാണ് സ്പെഷ്യൽ ഡ്രൈവ് നടത്തിയത്.

സൈബർ ഓപ്പറേഷൻസ് വിംഗിന്റെ കേന്ദ്രീകൃത മേൽനോട്ടത്തിലാണ് 2026 സെപ്റ്റംബർ ഏഴിന് സംസ്ഥാനത്തെ എല്ലാ പോലീസ് സ്റ്റേഷൻ പരിധികളിലും ഒരേസമയം പരിശോധനകളും റെയ്ഡുകളും തുടർനടപടികളും നടപ്പിലാക്കിയത്.

ഒറ്റപ്പെട്ട കേസുകൾ അന്വേഷിക്കുന്നതിലുപരി, കുറ്റകൃത്യങ്ങളുടെ ശൃംഖലകൾ തകർക്കാൻ ലക്ഷ്യമിട്ടുള്ളതാണ് പുതിയ എൻഫോഴ്സ്മെൻറ് നടപടിക്രമം.

പരമ്പരാഗത അന്വേഷണ രീതികൾക്കപ്പുറം സൈബർകുറ്റകൃത്യങ്ങളെ സഹായിക്കുന്ന, തട്ടിപ്പ് പണം വെളുപ്പിക്കാൻ സഹായിക്കുന്ന, തട്ടിപ്പിന് സാങ്കേതിക സഹായം നൽകുന്ന, തട്ടിപ്പ് പണം മാറ്റിയെടുക്കുന്നതിന് ബാങ്ക് അക്കൗണ്ടുകൾ നൽകുന്നവർ തുടങ്ങിയവരെ കണ്ടെത്തി നിയമത്തിനു മുന്നിൽ കൊണ്ടുവരുന്നു.

കൂടാതെ അന്തർസംസ്ഥാന തലത്തിൽ പ്രവർത്തിക്കുന്ന തട്ടിപ്പു സംഘങ്ങളെ കണ്ടെത്തുകയും അവരുടെ പ്രവർത്തനം തടയുക, മ്യൂൾ ബാങ്ക് അക്കൗണ്ടുകൾ, തേർഡ് പാർട്ടി പേയ്മെൻറ് സംവിധാനങ്ങൾ, ഹവാല ബന്ധമുള്ള പണമിടപാടുകൾ എന്നിവയ്ക്കെതിരെ കർശന നടപടികൾ സ്വീകരിക്കുക, തട്ടിപ്പിലൂടെ ലഭിക്കുന്ന പണം എ.ടി.എം/ചെക്ക് മുതലായ മാർഗ്ഗങ്ങളിലുടെ പിൻവലിക്കുന്നവരെ കണ്ടെത്തി അറസ്റ്റ് ചെയ്യുക, ദേശീയ സൈബർ ക്രൈം റിപ്പോർട്ടിംഗ് പോർട്ടൽ (NCRP) വഴി ലഭ്യമായ വിവരങ്ങൾ ഉപയോഗിച്ച് പുതിയ തട്ടിപ്പ് രീതികൾ വിശകലനം ചെയ്യുകയും അതിനെതിരെ കർശന നടപടികൾ കൈക്കൊള്ളുക.

സൈബർ സുരക്ഷ ഉറപ്പാക്കുന്നതിനായി പൊതുജനങ്ങൾ ചില പ്രധാന ജാഗ്രതകൾ പാലിക്കണം. OTP, PIN, CVV, പാസ്‌വേഡ് തുടങ്ങിയ ബാങ്ക് വിവരങ്ങൾ ഒരിക്കലും മറ്റാരുമായും പങ്കുവെക്കരുത്. ഓരോ അക്കൗണ്ടിനും വ്യത്യസ്തവും ശക്തവുമായ പാസ്‌വേഡുകൾ ഉപയോഗിക്കുകയും Two Factor Authentication (2FA) പോലുള്ള സുരക്ഷാ സംവിധാനം സജീവമാക്കുകയും ചെയ്യുന്നത് കൂടുതൽ സുരക്ഷ ഉറപ്പാക്കും.

സംശയകരമായ വസ്തുത ശ്രദ്ധയിൽപ്പെട്ടാൽ ഉടൻ 1930 എന്ന ഹെൽപ് ലൈൻ നമ്പറിൽ ബന്ധപ്പെടുകയോ https://cybercrime.gov.in` എന്ന വെബ്സൈറ്റ് വഴിയോ പരാതി നൽകാവുന്നതാണ്. മാത്രമല്ല നിങ്ങൾക്ക് അടുത്തുള്ള പോലീസ് സ്റ്റേഷനേയോ സൈബർ പോലീസ് സ്റ്റേഷനേയോ ബന്ധപ്പെടാവുന്നതാണ്.

ഡോ. അഞ്ചൽ കൃഷ്ണകുമാർ,

ഡെപ്യൂട്ടി ഡയറക്ടർ,

സ്റ്റേറ്റ് പോലീസ് മീഡിയ സെൻറർ

****************************